ആർ.സി.എസ്/3280/2021/MT-1

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 13.08.2021.

## സർക്കുലർ നമ്പർ : 33/2021

വിഷയം:- സഹകരണ വകുപ്പ് - ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം.ക്ലിപ്തം.നമ്പർ.10957 - സംഘത്തിന് പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്ന് നിക്ഷേപങ്ങൾ/വായ്പകൾ സ്വീകരിക്കുന്നതിന് - അനുമതിക്കായുള്ള അപേക്ഷ - സംബന്ധിച്ച്.

സൂചന:- 1. സംഘം ഭരണസമിതിയുടെ 12.04.2021 - ലെ 1-ാം നമ്പർ തീരുമാനം.

2. കോഴിക്കോട് ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാരുടെ 07.05.2021 - ലെ സി.എസ്.893/2021 - നമ്പർ കത്ത്.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം.ക്ലിപ്തം.നമ്പർ.10957 -ന് പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിന് സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്ന് നിക്ഷേപങ്ങൾ/വായ്പകൾ സ്വീകരിക്കുന്നതിന് അനുമതിക്കായി സംഘം ഭരണസമിതി സൂചന(1)പ്രകാരം തീരുമാനമെടുത്ത് സൂചന(2) ജോയിന്റ് രജിസ്ട്രാർ(ജനറൽ)വഴി അപേക്ഷ സമർപ്പിച്ചിരിക്കുന്നു. നിയമാവലി വ്യവസ്ഥ 15(ഇ) പ്രകാരം സംഘത്തിന് സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിനും, 15(എഫ്) പ്രകാരം നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിന് വ്യവസ്ഥയുണ്ട്. സംഘം ഭരണ സമിതിയുടെ തീരുമാനം കോഴിക്കോട് ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ ശുപാർശ ചെയ്തിട്ടുണ്ട്.

സംഘത്തിലെ 15000-ത്തോളം തൊഴിലാളികൾക്ക് നിത്യവും തൊഴിൽ നൽകുന്നതിന് വേണ്ടി പരിധിയില്ലാതെ ഏതു തുകയുടെ പ്രവർത്തിയും ഏറ്റെടുത്ത് നടത്തുന്നതിനു സംഘത്തിനു സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്നും ആയതിൻ പ്രകാരം 3726 കോടി രൂപയുടെ പ്രവർത്തികൾ സംഘം ഏറ്റെടുത്തിട്ടുണ്ടെന്നും,ടി പ്രവർത്തികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നതിനുള്ള പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിന്

നിക്ഷേപങ്ങൾ/വായ്പകൾ നൽകുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് അനുമതി നൽകുന്നതിനാണ് അപേക്ഷ.

സൂചന(1) തീരുമാനപ്രകാരമുള്ള അപേക്ഷയും സൂചന(2) ശുപാർശയും പരിഗണിച്ച് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം.ക്ലിപ്തം.നമ്പർ.10957 -ന് പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിന് ആവശ്യമായ നിക്ഷേപങ്ങൾ/വായ്പകൾ നൽകാൻ താല്പര്യമുള്ള സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് അതാത് സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകൾക്കും ഭരണ സമിതിയുടെ തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ നിക്ഷേപങ്ങൾ/വായ്പകൾ നൽകുന്നതിനു അനുമതി നൽകുന്നു.

ഒപ്പ്
പി.ബി.നൂഹ്.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

സെക്രട്ടറി,
ഊരാളുങ്കൽലേബർ കോൺട്രാക്ട് സഹകരണ സംഘം.ക്ലിപ്തം.നമ്പർ.10957.മടപ്പള്ളി കോളേജ്
പി.ഒ, വടകര,കോഴിക്കോട്-673102.

പകർപ്പ്:- 1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) കോഴിക്കോട്.
2.ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) കോഴിക്കോട്.
3.കരുതൽ ഫയൽ
4.ഐ.റ്റി സെക്ഷൻ
5.സഹകരണ വീഥി
6.അധികം

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ ( എം.റ്റി)